## പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 462 | 03.03.2020 ലെ മറുപടിക്ക്

## കയർ ഉല്പാദന മേഖലയിൽ നടപ്പിലാക്കിയ പരിഷ്കരണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി. കെ. സി. മമ്മത് കോയ | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിലെ കയർ ഉല്പാദന മേഖലയിൽ നടപ്പിലാക്കിയ പരിഷ്കരണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) കയറിന്റെയും കയർ ഉൽപ്പന്നങ്ങളുടെയും ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സർക്കാർ കയർമേഖലയുടെ രണ്ടാം പുനസംഘടന നടപ്പിലാക്കുകയാണ്. ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി, കയർ ഉൽപ്പാദനത്തെ ആധുനികവത്ക്കരിക്കുന്നതിന് സമ്പൂർണ യന്ത്രവത്ക്കരണം, ഉൽപ്പന്ന മേഖലയിൽ ആധുനികവത്ക്കരണം, കയർ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, കയർ ഭൂവസ്ത്ര പദ്ധതി ഇവയാണ് കേരളത്തിലെ കയർ ഉല്പാദന മേഖലയിൽ നടപ്പിലാക്കിയ പരിഷ്കരണ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടവ.<br><br>സംസ്ഥാനത്ത് ഇതിനോടകം തന്നെ 100 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം "കയർ കേരള 2019" മേളയിൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 6056 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകി കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ |

| | |
|---|---|
| | പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 240 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു കഴിഞ്ഞു. 31/03/2020 ൽ 620 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ 7 പ്രോജക്ടുകളിലായി സ്ഥാപിക്കുന്ന നടപടി പൂർത്തിയാകും. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രാധാനമായും ഉൽപ്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. നാഷണൽ കോപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (എൻ.സി.ഡി.സി.) സഹായത്തോടെ ആലപ്പുഴ പ്രോജക്ടിനു കീഴിലുള്ള മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ നടപടികൾ കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ആരംഭിച്ചിട്ടുണ്ട്. |

| വർഷം | കയർ സംഭരണം (ക്വിൻറലിൽ) |
|---|---|
| 2015-16 | 78820.40 |
| 2016-17 | 99793.90 |
| 2017-18 | 124961.00 |
| 2018-19 | 157767.52 |
| 2019-20 ജനുവരി വരെ | 160000 |

| | |
|---|---|
| ബി) ഇതിന്റെ ഭാഗമായി ചകിരി ഉല്പന്നങ്ങളുടെ ഉല്പാദനം വർദ്ധിച്ചിട്ടുണ്ടോ; | ബി) ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്ന പദ്ധതി, കയർ ഉൽപ്പാദനത്തെ ആധുനികവത്ക്കരിക്കുന്നതിന് സമ്പൂർണ യന്ത്രവത്ക്കരണം, ഉൽപ്പന്ന മേഖലയിൽ ആധുനികവത്ക്കരണം, കയർ ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, കയർ ഭൂവസ്ത്ര പദ്ധതി എന്നിവയിലൂടെ കയറിന്റെയും, കയർ ഉല്പന്നങ്ങളുടേയും ഉല്പാദനം ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടും 6056 ഇലക്ട്രോണിക് റാട്ടുകൾ നൽകിക്കൊണ്ടും കയർ ഉല്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 240 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച |

| | |
|---|---|
| | കഴിഞ്ഞു. പരമ്പരാഗത റാട്ടിൽ ശരാശരി 15-18 കിലോഗ്രാം കയർ ഉല്പാദിപ്പിക്കുന്ന സ്ഥാനത്താണ് ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളിൽ 50 കിലോ കയർ ഉല്പാദിപ്പിക്കുന്നത്. 2015-16 വർഷത്തിൽ 78820.40 ക്വി. കയർ ഉല്പാദിപ്പിച്ചിരുന്ന സ്ഥാനത്ത് 2020 ജനുവരി 31 വരെ 160000 ക്വി. ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാമ്പത്തിക വർഷം 200000 ക്വി.കയർ ഉല്പാദിപ്പിക്കുന്നതിനാണ് നടപടി സ്വീകരിച്ചുവരുന്നത്. 2019-20 വർഷം അവസാനിക്കുമ്പോൾ കയർ ഉല്പാദനം 3 മടങ്ങായി വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്.. |
| സി) കേരളത്തിലെ കയർ വ്യവസായ മേഖലയിൽ യന്ത്രവൽക്കരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ; | സി) സംസ്ഥാനത്ത് ഇതിനോടകം തന്നെ 100 ഡീ-ഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചു കഴിഞ്ഞു. 27 ഡീ-ഫൈബറിംഗ് മില്ലുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. സ്വകാര്യ സംരംഭകരും സർവ്വീസ് സഹകരണ ബാങ്കുകളും 80 പുതിയ ഡീ-ഫൈബറിംഗ് മില്ലുകൾ ആരംഭിക്കുന്നതിനുള്ള ധാരണാപത്രം "കയർ കേരള 2019" മേളയിൽ ഒപ്പുവയ്ക്കുകയും തുടർ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. കയർ സഹകരണസംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 6056 എണ്ണം ഇലക്ട്രോണിക് റാട്ടുകൾ നൽകി കഴിഞ്ഞു. കൂടാതെ 10/20 ക്രമത്തിൽ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ച് സഹകരണ സംഘങ്ങളെ ഫാക്ടറി ടൈപ്പ് സംഘങ്ങളാക്കി നവീകരിക്കുന്ന നടപടികളും ആരംഭിച്ചിട്ടുണ്ട്. കായംകുളം, ആലപ്പുഴ, വൈക്കം, കണ്ണൂർ പ്രോജക്ടുകളിൽ കയർ സഹകരണ സംഘങ്ങളിൽ യന്ത്രവത്ക്കരണത്തിന്റെ ഭാഗമായി 240 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിച്ചു കഴിഞ്ഞു. 31/03/2020 ൽ 620 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ 7 പ്രോജക്ടുകളിലായി സ്ഥാപിക്കുന്ന നടപടി പൂർത്തിയാകും. 2020-21 സാമ്പത്തിക വർഷത്തിൽ ഏകദേശം 200 സംഘങ്ങളിലായി 2000 ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് പ്രാധാനമായും ഉൽപ്പന്ന നിർമ്മാണ മേഖല പ്രവർത്തിക്കുന്നത്. നാഷണൽ കോപ്പറേറ്റീവ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (എൻ.സി.ഡി.സി.) സഹായത്തോടെ ആലപ്പുഴ പ്രോജക്ടിനു കീഴിലുള്ള മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങളിൽ ആട്ടോമാറ്റിക് ലൂമുകൾ സ്ഥാപിക്കുന്നതിന് ടെണ്ടർ നടപടികൾ കേരള സ്റ്റേറ്റ് |

...4

| | |
|---|---|
| | കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ആരംഭിച്ചിട്ടുണ്ട്. |
| ഡി) കേരളത്തിലെ കയർ മേഖലയിൽ തൊഴിൽ ദിനങ്ങളിൽ വർദ്ധന ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | ഡി) കയർ മേഖലയിൽ നടപ്പിലാക്കി വരുന്ന രണ്ടാം പുന:സംഘടനാ പദ്ധതിയുടെ ഗുണഫലമായി കേരളത്തിലെ കയർ മേഖലയിലെ തൊഴിൽ ദിനങ്ങളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2015-16 ൽ 200 ദിവസം തൊഴിൽ നൽകിയ സംഘങ്ങളുടെ എണ്ണം 68 ആയിരുന്നത് 2018-19 ൽ 144 ആയി വർദ്ധിച്ചു. 2015-16 ലെ കയർ ഉല്പാദനം 78820.40 ക്വി. അയിരുന്നത് 2019-20 വർഷത്തിൽ ജനുവരി 31 വരെയുള്ള കാലയളവ് നോക്കുമ്പോൾ 160000 ക്വി. ആയി വർദ്ധിച്ചിട്ടുണ്ട്. കയർ ഉല്പാദനത്തിലുണ്ടായ ഈ വർദ്ധനവ് വ്യക്തമാക്കുന്നത് തൊഴിൽ ദിനങ്ങൾ വർദ്ധിച്ചിട്ടുണ്ട് എന്നു തന്നെയാണ് |

സെക്ഷൻ ഓഫീസർ